തിരുവനന്തപുരം ജില്ലയിലെ ടൂറിസം വികസനത്തിനായി പദ്ധതികൾ

64 (4005) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ ടൂറിസം വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി ഇതുവരെ എത്ര രൂപ അനുവദിച്ചു;

(ബി) ഇങ്ങനെ അനുവദിച്ച തുക ഏതൊക്കെ പദ്ധതികൾക്ക് എത്രയൊക്കെ വീതമാണ് നൽകിയതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മൊത്തം 2,253.30 ലക്ഷം രൂപ അനുവദിച്ചു.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

വാഗമൺ അന്താരാഷ്ട്ര ഹിൽ റിസോർട്ടായി വികസിപ്പിക്കാനുള്ള നടപടി

65 (4006) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഗമൺ അന്താരാഷ്ട്ര ഹിൽ റിസോർട്ടായി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വികസന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ;

(ബി) വാഗമൺ ടൂറിസം പ്രോജക്ടിന് വിനോദസഞ്ചാര വകുപ്പിന് എത്ര ഹെക്ടർ ഭൂമി വിട്ടുകിട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) വിട്ടുകിട്ടിയ ഭൂമി മുഴുവൻ ടൂറിസം വകുപ്പിന്റെ കൈവശമുണ്ടോ ; ഈ ഭൂമി സ്വകാര്യവ്യക്തികൾ കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വാഗമൺ ടൂറിസത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; റിപ്പോർട്ട് തയ്യാറാക്കിയത് ആരാണ് ;

(എഫ്) റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധം കാണുക.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly